പതിമൂന്നാംകേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2995

02.04.2013 - ൽ മറുപടിക്ക്

## കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വിവിധ പാലം നിർമ്മാണപ്രവൃത്തികൾ

| ചോദ്യം<br>ശ്രീമതി പി.അയിഷാ പോറ്റി | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കൽച്ചിറപ്പള്ളിപ്പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) പ്രസ്തുത മണ്ഡലത്തിലെ ചെട്ടിയാരഴികത്ത് പാലം നിർമ്മാണത്തിനായുളള മണ്ണുപരിശോധനാഫലം ലഭ്യമായിട്ടുണ്ടോയെന്നും പ്രസ്തുത പാലം നിർമ്മാണത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും പ്രസ്തുത പാലം നിർമ്മാണത്തിനനുവദിച്ചിട്ടുളള തുക എത്രയെന്നും അറിയിക്കുമോ; | (ബി) ചെട്ടിയാരഴികത്ത് പാലത്തിന്റെ മണ്ണു പരിശോധനാഫലം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പാലം നിർമ്മാണത്തിന് 1575 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മണ്ഡലത്തിലെ തെങ്ങാംപുഴ പാലം നിർമ്മാണത്തിനായുള്ള മണ്ണുപരിശോധനയുടെ നടപടികൾ ഏതു ഘട്ടത്തിലാണെന്നും ആയതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കുമോ? | (സി) | തെങ്ങാംപുഴ പാലത്തിന്റെ മണ്ണു പരിശോധനയ്ക്കു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ